REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക സമർപ്പിക്കാൻ ഇനി ശേഷിക്കുന്നത് രണ്ട് ദിവസം.**
- **വീട്ടിൽ വോട്ടു ചെയ്യുന്നവർക്ക് അപേക്ഷ നൽകേണ്ട സമയപരിധി ഇന്ന് അവസാനിക്കും.**
- **G സുധാകരനെ CPIM ഒരിക്കലും അവഗണിച്ചില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സ്ഥാനാർത്ഥിപട്ടിക വിഷയത്തിൽ കോൺഗ്രസിനെതിരെ വ്യാജ വാർത്തകൾ പ്രചരിപ്പിച്ചെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ.**
- **ഇസ്‌ലാംമത വിശ്വാസികൾ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു.**

## വാർത്തകൾ വിശദമായി

നിയമസഭാ തെരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക സമർപ്പിക്കാൻ ഇനി ശേഷിക്കുന്നത് രണ്ട് ദിവസം മാത്രം. ഇന്ന് ചെറിയ പെരുന്നാൾ അവധിയായതിനാൽ പത്രിക സ്വീകരിക്കില്ല. നാളെയും തിങ്കളാഴ്ചയുമാണ് ഇനി പത്രിക സമർപ്പിക്കാനാവുക. തിങ്കളാഴ്ച ഉച്ചക്ക് മൂന്ന് വരെയാണ് പത്രിക സ്വീകരിക്കുന്നത്.

✪✪✪

കോൺഗ്രസും BJPയും സ്ഥാനാർത്ഥിപട്ടിക പുറത്തിറക്കിയതോടെ സംസ്ഥാനത്തെ നിയമസഭാ തെരഞ്ഞെടുപ്പ് മത്സരങ്ങളുടെ ചിത്രം പൂർണമായി. ഏറെ നീണ്ട ചർച്ചകൾക്കൊടുവിൽ ഇന്നലെ രാത്രിയോടെയാണ് കോൺഗ്രസ് 37 സീറ്റുകളിലെ രണ്ടാം പട്ടിക പുറത്തുവിട്ടത്. MPമാർ നിയമസഭാ

തെരഞ്ഞെടുപ്പിൽ മത്സരിക്കേണ്ടതില്ലെന്ന കോൺഗ്രസ് ഹൈക്കമാൻഡിന്റെ തീരുമാനം അംഗീകരിച്ച K സുധാകരന്റെ നിലപാട് ഒടുവിൽ പാർട്ടിക്ക് ആശ്വാസമായി. ഹൈക്കമാൻഡുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം K സുധാകരൻ MP ഡൽഹിയിൽ നിന്ന് ഇന്ന് മട്ടന്നൂർ വിമാനത്താവളം വഴി കണ്ണൂരിൽ എത്തി. 55 സ്ഥാനാർത്ഥികളെ കോൺഗ്രസ് നേതൃത്വം ആദ്യഘട്ടത്തിൽ പ്രഖ്യാപിച്ചിരുന്നു. ഉഭയകക്ഷി ചർച്ചയിൽ കോൺഗ്രസിന് ലഭിച്ചത് 95 സീറ്റുകളാണ്. മൂന്നിടത്ത് സ്വതന്ത്ര സ്ഥാനാർത്ഥികളെ പിന്തുണയ്ക്കാനാണ് പാർട്ടി തീരുമാനം.

BJPയുടെ രണ്ടാമത്തെ പട്ടികയിൽ 39 പേരാണ് ഇടം നേടിയത്. ആദ്യ പട്ടികയിൽ 47 സ്ഥാനാർത്ഥികളെയാണ് പ്രഖ്യാപിച്ചത്. പാർട്ടി 96 സീറ്റുകളിലാണ് മത്സരിക്കുന്നത്. ശേഷിക്കുന്ന സീറ്റുകളിലെ സ്ഥാനാർത്ഥികളെ ഇന്ന് പ്രഖ്യാപിക്കുമെന്നാണ് കരുതുന്നത്. നാട്ടികയിൽ CPI മുൻ MLA കൂടിയായ CC മുകുന്ദനാണ് BJP സ്ഥാനാർത്ഥി. മുതിർന്ന പാർട്ടി നേതാവ് കുമ്മനം രാജശേഖരൻ ആറന്മുളയിലാണ് മത്സരിക്കുന്നത്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യുന്നവർക്ക് അപേക്ഷ നൽകാൻ സമയപരിധി ഇന്ന് അവസാനിക്കും. തിരഞ്ഞെടുപ്പ് കമ്മിഷന്റെ പോർട്ടലിൽ നിന്നു ഡൗൺലോഡ് ചെയ്തെടുത്ത ഫോം 12 ഡി-യിൽ ബൂത്ത് ലവൽ ഓഫിസർ മുഖേനയോ നേരിട്ട് റിട്ടേണിങ്ങ് ഓഫീസർക്കോ അപേക്ഷ നൽകാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. 85 വയസ് പിന്നിട്ടവർക്കും 40 ശതമാനത്തിലേറെ ഭിന്ന ശേഷിക്കാർക്കുമാണ് നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യാനാവുക.

അവശ്യസേവന വിഭാഗത്തിൽപ്പെട്ട വകുപ്പുകളിൽ നിന്ന് തെരഞ്ഞെടുപ്പ് ജോലിക്ക് നിയുക്തരായവർക്ക് തപാൽ വോട്ടിന് നാളെ വരെ അപേക്ഷിക്കാം. ഫോം പൂരിപ്പിച്ച് റിട്ടേണിങ് ഓഫീസർക്ക് സമർപ്പിക്കണം. ഏപ്രിൽ 3, 4, 5 തീയതികളിൽ വോട്ടർ ഫെസിലിറ്റേഷൻ സെൻററുകളിൽ വോട്ട് രേഖപ്പെടുത്താം.

✪✪✪

ഭിന്നശേഷിക്കാരായി വോട്ടർ പട്ടികയിൽ രേഖപ്പെടുത്തിയവർക്ക് ബാലറ്റ് പേപ്പർ വീട്ടിൽ എത്തിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇതിനു പുറമെ തിരഞ്ഞെടുപ്പ് കമ്മീഷൻ അവശ്യ സർവീസായി ഉൾപ്പെടുത്തിയ 14 വകുപ്പുകളിലെ ജീവനക്കാർക്കും പോസ്റ്റൽ ബാലറ്റ് വഴി വോട്ട് രേഖപ്പെടുത്താൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. 85 ന് മേൽ പ്രായക്കാർക്കും

വീട്ടിലിരുന്ന് വോട്ട് ചെയ്യാം. പോളിംഗ് ബൂത്തുകളിൽ ഡ്യൂട്ടിയ്ക്ക് നിയോഗിച്ച ജീവനക്കാർക്കും പോസ്റ്റൽ ബാലറ്റ് അനുവദിച്ചിട്ടുണ്ട്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി കേരള-കർണാടക അതിർത്തിയായ കണ്ണൂർ കൂട്ടുപുഴയിൽ പരിശോധന കർശനമാക്കി. സ്റ്റാറ്റിക് സർവേയ്‌ലൻസ് ടീമിന്റെ നേതൃത്വത്തിൽ ഇലക്ഷൻ ചെക്ക് പോസ്റ്റ് സ്ഥാപിച്ചാണ് പരിശോധന തുടങ്ങിയത്. ലഹരി വസ്തുക്കൾ, കള്ളപ്പണം, ആയുധം, സ്ഫോടകവസ്തുക്കൾ എന്നിവയുടെ കടത്ത് തടയാനാണ് 24 മണിക്കൂറും നീളുന്ന പരിശോധന.

✪✪✪

ശബരിമല യുവതി പ്രവേശ വിഷയത്തിൽ സുപ്രീം കോടതിയിൽ സംസ്ഥാന ഗവണ്മെന്റിന്റെ നിലപാട് നേരത്തെ തന്നെ വ്യക്തമാക്കിയതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആചാര അനുഷ്ഠാന കാര്യങ്ങളിൽ മതപണ്ഡിതരാണ് നിലപാട് പറയേണ്ടതെന്ന് മുഖ്യമന്ത്രി ചാനൽ അഭിമുഖത്തിൽ വ്യക്തമാക്കി. മുൻ മന്ത്രി G സുധാകരനെ ഒരിക്കലും പാർട്ടി അവഗണിച്ചില്ലെന്നും ആ തോന്നൽ അദ്ദേഹത്തിനുണ്ടായെന്നും സുധാകരനെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചിട്ടും പ്രതികരിക്കാൻ തയ്യാറിയില്ലെന്നും പിണറായി വിജയൻ പറഞ്ഞു.

ഒരാൾക്ക് സ്വയമേവ സ്ഥാനാർഥി ആകണമെന്ന് തോന്നിയാൽ അത് പാർട്ടി അംഗീകരിക്കണമെന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

പിണറായി വിജയൻ മുഖ്യമന്ത്രിയായി മൂന്നാമതും അധികാരത്തിലെത്തില്ലെന്ന് മുൻ മന്ത്രി G സുധാകരൻ പറഞ്ഞു. നിലവിലെ സാഹചര്യത്തിൽ ജനം LDFന് വോട്ടു ചെയ്യില്ലെന്നും ജനകീയ സ്വതന്ത്ര സ്ഥാനാർഥിയായാണ് അമ്പലപ്പുഴയിൽ മത്സരിക്കുന്നതെന്നും UDF-ന്റെ പിന്തുണ സ്വീകരിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് സ്ഥാനാർത്ഥിപട്ടികയുമായി ബന്ധപ്പെട്ട വിഷയത്തിൽ കോൺഗ്രസിനെതിരെ മാധ്യമങ്ങൾ വ്യാജ വാർത്തകൾ പ്രചരിപ്പിച്ചെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. സീറ്റ് ചർച്ചകൾ അതിവേഗം പൂർത്തിയാക്കി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചെന്നും സതീശൻ അവകാശപ്പെട്ടു. ജനാധിപത്യ പാർട്ടി ആയതിനാൽ അഭിപ്രായ വ്യത്യാസങ്ങൾ സ്വാഭാവികമാണെന്നും എന്നാൽ മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി

അപസ്വരങ്ങളില്ലാതെയാണ് ഇത്തവണ സ്ഥാനാർത്ഥികളെ തീരുമാനിച്ചതെന്നും VD സതീശൻ മാധ്യമങ്ങളോട് വിശദീകരിച്ചു.

✪✪✪

ഇറാനെതിരായ യുദ്ധത്തിന് അമേരിക്കൻ കോൺഗ്രസിൽ നിന്ന് പെന്റഗൺ 200 ബില്യൺ US ഡോളറിന്റെ അധിക ഫണ്ട് ആവശ്യപ്പെട്ടു. അമേരിക്കൻ പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സേത് തുകയിൽ മാറ്റം വന്നേക്കാമെന്നും ശത്രുക്കൾക്കെതിരെ യുദ്ധം ചെയ്യണമെങ്കിൽ കൂടുതൽ തുക ആവശ്യമാണെന്നും മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഇറാനുമായി യുദ്ധം തുടരുകയും, എണ്ണ വില ഉയരുകയും ചെയ്യുന്ന സാഹചര്യത്തിൽ US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ജാപ്പനീസ് പ്രധാനമന്ത്രി സനെയ് തകാച്ചിയോട് കൂടുതൽ പിന്തുണ ആവശ്യപ്പെട്ടു. സംഘർഷത്തെത്തുടർന്ന് ഇറാൻ ഭാഗികമായി അടച്ചിട്ടിരിക്കുന്ന ഹോർമുസ് കടലിടുക്കിലൂടെ ടാങ്കറുകൾക്ക് അകമ്പടി സേവിക്കാനും മൈനുകൾ നീക്കം ചെയ്യാനും കൂടുതൽ കപ്പലുകൾ വേണമെന്നും വൈറ്റ് ഹൗസിലെ കൂടിക്കാഴ്ചക്കിടെ ട്രംപ് പറഞ്ഞു.

✪✪✪

ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്ന ശ്രമങ്ങളിൽ പങ്കുചേരുമെന്നും ഊർജ്ജ വിപണികളെ സുസ്ഥിരമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, നെതർലൻഡ്സ്, ജപ്പാൻ എന്നീ രാജ്യങ്ങൾ അറിയിച്ചു.

ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാമറുടെ ഓഫീസ് പുറത്തിറക്കിയ സംയുക്ത പ്രസ്താവനയിൽ ഇറാന്റെ ആക്രമണങ്ങളെ അപലപിക്കുകയും നടപടികൾ ഉടനടി നിർത്തലാക്കാൻ ഇറാനോട് ആവശ്യപ്പെടുകയും ചെയ്തു.

✪✪✪

ഉത്തർപ്രദേശിലെ വൃന്ദാവനിലെ രാമകൃഷ്ണ മിഷൻ സേവാശ്രമ ആശുപത്രിയിൽ പുതുതായി നിർമ്മിച്ച നന്ദ് കിഷോർ സോമാനി ഓങ്കോളജി ബ്ലോക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്തു. പുതിയ ഓങ്കോളജി ബ്ലോക്ക് മേഖലയിലെ ക്യാനസർ പരിചരണ സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് നിർമ്മിച്ചത്. മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്നലെയാണ് രാഷ്ട്രപതി ഉത്തർപ്രദേശിലെത്തിയത്.

✪✪✪

വ്രത വിശുദ്ധിയിൽ ഇസ്‌ലാം മത വിശ്വാസികൾ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു. സംസ്ഥാനമെങ്ങും ഈദ് ഗാഹുകളിലും പള്ളികളിലും വിശ്വാസികൾ പ്രത്യേക പ്രാർത്ഥനകളിൽ പങ്കെടുത്തു. ഈദിന്റെ പരിശുദ്ധിയിൽ പുതുവസ്ത്രമണിഞ്ഞ് ബന്ധുവീടുകളിലും മറ്റും സുഹൃദ്സത്ക്കാരങ്ങളിൽ പങ്കുകൊള്ളുകയാണ് ഓരോ വിശ്വാസിയും.

കാന്തപുരം AP അബൂബക്കർ മുസ്ലിയാർ കോഴിക്കോട് ചാലിയം ജുമാ മസ്ജിദിൽ പെരുന്നാൾ നമസ്കാരത്തിന് നേതൃത്വം നൽകി. ബീച്ചിലെ സംയുക്ത ഈദ് ഗാഹിന് P.മുജീബ് റഹ്മാൻ നേതൃത്വം നൽകി.

തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഈദ് നമസ്കാര ചടങ്ങുകൾക്ക് പാളയം ഇമാം ഡോ.VP സുഹൈബ് മൗലവി നേതൃത്വം നൽകി.

മലപ്പുറത്ത് മസ്ജിദുകളിലും ഈദ് ഗാഹുകളിലും പ്രത്യേക പ്രാർത്ഥനകൾ നടത്തി. മലപ്പുറം കോട്ടപ്പടി സ്റ്റേഡിയത്തിലെ സംയുക്ത ഈദ്ഗാഹിന് ശിഹാബ് പൂക്കോട്ടൂർ നേതൃത്വം നൽകി.

മഞ്ചേരി മേലാക്കം മസ്ജിദുൽ മുജാഹിദീനിന്റെ ആഭിമുഖ്യത്തിൽ VP ഹാൾ മൈതാനിയിൽ പ്രാർത്ഥനക്ക് വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി TK അഷ്റഫ് നേതൃത്വം നൽകി. പാണക്കാട് തങ്ങൾമാർ പാണക്കാട് ജുമാ മസ്ജിദിലും PK.കുഞ്ഞാലിക്കുട്ടി കാരത്തോട് ജുമാ മസ്ജിദിലും പെരുന്നാൾ നമസ്കാരത്തിൽ പങ്കെടുത്തു.

പൊന്നായി ഹാർബർ മൈതാനത്ത് സംയുക്ത ഈദ് ഗാഹിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. KNM ജില്ലാ ജോയിന്റ് സെക്രട്ടറി അഷറഫ് ചെട്ടിപ്പടി നേതൃത്വം നൽകി.

✪✪✪

മനുഷ്യസ്നേഹവും സൗഹാർദ്ദവുമാണ് പെരുന്നാളിന്റെ പൊരുളെന്ന് കോഴിക്കോട് പാളയം ജുമാ മസ്ജിദ് മുഖ്യ ഇമാം ഡോ.ഹുസൈൻ മടവൂർ പറഞ്ഞു. മടവൂർ ചക്കാലക്കൽ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ ഈദ് ഗാഹിൽ പെരുന്നാൾ നമസ്കാരത്തിന്ന് നേതൃതം നൽകുകയായിരുന്നു അദ്ദേഹം.

പെരുന്നാൾ ആഘോഷങ്ങൾക്കിടയിൽ പശ്ചിമേഷ്യയിലെ കഷ്ടപ്പാടുകൾ കൂടി കണക്കിലെടുക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

അവിടങ്ങളിൽ ഭയത്തോടെ കഴിയുന്ന മുഴുവൻ മനുഷ്യർക്കും വേണ്ടിയും എല്ലാവരും പ്രാർത്ഥിക്കണമെന്നും ഡോ. ഹുസൈൻ മടവൂർ ആവശ്യപ്പെട്ടു.

✪✪✪

ഇന്ന് ലോക വദനാരോഗ്യ ദിനം. പല്ലുകളും മോണകളും ആരോഗ്യകരമായി നിലനിർത്തേണ്ടതിന്റെ ആവശ്യകതയെ ഓർമ്മിപ്പിക്കാനാണ് ആഗോളതലത്തിൽ ലോക വദനാരോഗ്യ ദിനം ആചരിക്കുന്നത്.

"സന്തോഷകരമായ വായ സന്തോഷകരമായ ജീവിതമാണ്" എന്നതാണ് ഈ വർഷത്തെ പ്രമേയം.

✪✪✪

ശരിയായ വദന ശുചിത്വ ശീലങ്ങൾ സ്വീകരിക്കണമെന്ന് ലോക വദനാരോഗ്യ ദിനത്തിൽ കേന്ദ്രമന്ത്രി J.P.നദ്ദ ജനങ്ങളോട് അഭ്യർത്ഥിച്ചു. ശരിയായ ബ്രഷ് ചെയ്യൽ, പഞ്ചസാര അടങ്ങിയ ഭക്ഷണങ്ങൾ പരിമിതപ്പെടുത്തൽ, പതിവായി ദന്ത പരിശോധനകൾ നടത്തുക തുടങ്ങിയ ലളിതമായ ശീലങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ആരോഗ്യകരമായ ശീലങ്ങൾ വളർത്തിയെടുക്കുന്നതിൽ കുടുംബങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

ഉത്തരാഖണ്ഡിൽ മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയുടെ നേതൃത്വത്തിൽ മന്ത്രി സഭ വികസിപ്പിച്ചു. അഞ്ച് മന്ത്രിമാരെ പുതുതായി ഉൾപ്പെടുത്തിയാണ് മന്ത്രിസഭാ വികസനം. ലോക് ഭവനിലെ സത്യപ്രതിജ്ഞാ ചടങ്ങിൽ ഉത്തരാഖണ്ഡ് ഗവർണർ ഗുർമിത് സിംഗ് സത്യവാചകം ചൊല്ലിക്കൊടുത്തു.

✪✪✪

കോഴിക്കോട് ജില്ലയിലെ ഏതാനും പഞ്ചായത്തുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനെ തുടർന്ന് പ്രഭവ കേന്ദ്രങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിൽ വളർത്തു പക്ഷികളെ കൊന്നൊടുക്കുന്ന നടപടി നാളെ ആരംഭിക്കും. 14,000 ത്തിൽപ്പരം വളർത്തുപക്ഷികളെ കള്ളിംഗ് ചെയ്യാനാണ് തീരുമാനം. മൃഗസംരക്ഷണവകുപ്പും ജില്ലാഭരണകൂടവും തദ്ദേശ സ്ഥാപനങ്ങളും ചേർന്നാണ് നടപടി പൂർത്തീകരിക്കുന്നത്. വളർത്തുപക്ഷികളുടെ മുട്ട, ഇറച്ചി, കാഷ്ഠം, മറ്റുത്പന്നങ്ങൾ എന്നിവയുടെ ഉപയോഗവും വിപണനവും കടത്തലും നിരോധിച്ചിട്ടുണ്ട്.

നന്നായി പാകം ചെയ്ത മുട്ടയോ ഇറച്ചിയോ കഴിക്കുന്നതിൽ ഭീതി വേണ്ടെന്നും,നിലവിലെ സാഹചര്യത്തിൽ അസുഖത്തെ ഭയപ്പെടേണ്ടതില്ലെന്നും ജാഗ്രതയാണ് പുലർത്തേണ്ടതെന്നും ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

✪✪✪

ഏറ്റവും വേഗത്തിൽ ഏഴ് അഗ്നിപർവത കൊടുമുടികൾ കീഴടക്കിയ ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം സ്വദേശി  ഭൂപതി രാജു അൻമിഷ് വർമ്മ ഗിന്നസ് ലോക റെക്കോർഡ് നേടി. 92 ദിവസവും 4 മണിക്കൂറും 45 മിനിറ്റും എടുത്താണ് എല്ലാ കൊടുമുടികളും ഇദ്ദേഹം കീഴടക്കിയത്. 2024ഒക്ടോബർ 23 ന് റഷ്യയിലെ എൽബ്രസ്സ് പർവതത്തിൽ നിന്നാണ് യാത്ര ആരംഭിച്ചത്.2025 ജനുവരി 23 ന് അന്റാർട്ടിക്കയിലെ ഏഴാമത്തെ കൊടുമുടിയായ സിഡ്‌ലിയിൽ എത്തി.

✪✪✪

കേരളത്തിലെ ഏഴ് തെക്കൻ ജില്ലകളിൽ നിന്ന് കരസേനയിൽ അഗ്നിവീർ ആകാൻ  ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം മുതൽ എറണാകുളം വരെ ജില്ലക്കാർക്ക് അപേക്ഷിക്കാം. ഏപ്രിൽ  ഒന്നു വരെ അപേക്ഷ നൽകാം.

✪✪✪

*News Editor & News Reader :  വി കെ സുരേഷ്*
*News Team:   അനിൽ ചന്ദ്രൻ, ശരണ്യ രാജൻ, അനഘ*
*DEO: സി കെ സുബോധ്*